സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

അഡ്മിനിസ്ട്രേറ്റീവ് ആഫീസർ കേഡറിലുള്ള ക്ഷേത്രങ്ങളിലെ മേൽശാന്തി നിയമന ത്തിലെ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ.10426/17/മിസ്.1 നന്തൻകോട് , 15/07/2017.

---

പരാമർശം : 1. തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ 5.7.2017-ലെ നിവേദനം.
2. ഈ ആഫീസിലെ 6.7.2017-ലെ മേൽ നമ്പർ ഉത്തരവുകൾ.
3. ദേവസ്വം കമ്മീഷണറുടെ 11.7.2017 ലെ ആർ.ഒ.സി.30/17/എസ് നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള ക്ഷേത്രങ്ങളിലെ മേൽശാന്തിമാരെ തെരെഞ്ഞെടുക്കുന്നതിന് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ മഹാക്ഷേത്രങ്ങളിൽ നിന്നും ശിക്ഷണ നടപടിക്കു വിധേയരായ ശാന്തിക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, മലയാലപ്പുഴ മേൽശാന്തി, മണികണ്ഠേശ്വരം ദേവസ്വം മേൽശാന്തി എന്നിവർ വീണ്ടും അതേ ദേവസ്വങ്ങളിലെ ലിസ്റ്റിൽ കടന്നു കൂടിയിട്ടുണ്ടെന്നും, പൊതുസ്ഥലംമാറ്റ മാനദണ്ഡ ഉത്തരവിൽ അഡ്മിനിസ്ട്രേറ്റീവ് ദേവസ്വങ്ങളിൽ ഒരു തവണ ജോലി നോക്കുന്നവർക്ക് വീണ്ടും മൂന്ന് വർഷം കഴിഞ്ഞു മാത്രമേ ഇവിടങ്ങളിലേയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളൂവെന്നും ആയതിനാൽ ടി ലിസ്റ്റ് ക്യാൻസൽ ചെയ്ത് സുതാര്യമായ രീതിയിൽ ഇന്റർവ്യൂ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും വിവരിച്ച് തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ പരാമർശം (1) നിവേദനം ലഭിച്ചു.

പ്രസ്തുത നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള സംഗതികളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)-യെ ചുമതലപ്പെടുത്തുകയും കൂടാതെ പ്രസ്തുത നിവേദനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള ക്ഷേത്രങ്ങളിലെ മേൽശാന്തിമാരുടെ നറുക്കെടുപ്പ് നിർത്തി വയ്ക്കുന്നതിനും ഉത്തരവ് നൽകി. (പരാമർശം.2)

തുടർന്ന്, തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ശാന്തിക്കാരെ പൊതുസ്ഥലംമാറ്റ ഉത്തരവിലൂടെയാണ് ഒരു ഗ്രൂപ്പിൽ നിന്നും മറ്റൊരു ഗ്രൂപ്പിലേയ്ക്ക് സ്ഥലംമാറ്റുന്നതെന്നും അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഗ്രേഡ് ദേവസ്വങ്ങളായ തിരുവല്ലം, ഒ.റ്റി.സി.ഹനുമാൻ, മലയാലപ്പുഴ, പി.ഡി.മണികണ്ഠേശ്വരം എന്നീ ദേവസ്വങ്ങളിലെ മേൽശാന്തിമാരെ തെരെഞ്ഞെടുക്കുന്നത് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ചല്ലായെന്നും പ്രസ്തുത ദേവസ്വങ്ങളിലേയ്ക്ക് നിയമനം നൽകുന്നത് പ്രത്യേകം അപേക്ഷ ക്ഷണിച്ചും ഇന്റർവ്യൂ, നറുക്കെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളിലൂടെയാണെന്നും, ഈ ദേവസ്വങ്ങളിൽ മുൻ വർഷങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള ശാന്തിക്കാരിൽ ചിലരുടെ പേരുകൾ നറുക്കെടുപ്പിലേയ്ക്ക് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് ആയതിൽ എന്തെങ്കിലും അപാകതയുള്ളതായി കരുതാനാവില്ലായെന്നും വരും വർഷങ്ങളിൽ ഇപ്രകാരം ഒരു അവസ്ഥ ഒഴിവാക്കുന്നതിന് പ്രത്യേക മാനദണ്ഡം ഉണ്ടാകേണ്ടത് ആവശ്യമാണെന്നും ടി തസ്തികകളിലേയ്ക്കുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ ശിക്ഷണ നടപടിക്കു വിധേയനായിട്ടില്ലായെന്ന് അപേക്ഷകർ സ്വയം സാക്ഷ്യപ്പെടുത്തുകയും ആയത് ശരിയാണെന്ന് അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവർ സാക്ഷ്യപ്പെടുത്തിയതിനു ശേഷമാണ് അപേക്ഷകൾ ലഭിച്ചിട്ടുള്ളതെന്നും, പ്രസ്തുത നിവേദനത്തിൽ വിവരിക്കുന്ന ശിക്ഷണ നടപടികൾക്ക് വിധേയരായിട്ടുള്ളവരിൽ ശ്രീ.കെ.എൻ.അനിൽകുമാറിനെ ബോർഡുത്തരവ് പ്രകാരം ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണെന്നും മറ്റൊരു പേരുകാരനായ ശ്രീ.വാസുദേവൻ നമ്പൂതിരി യാതൊരു ശിക്ഷണ നടപടിക്കും വിധേയനായിട്ടില്ലായെന്ന് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതാണെന്നും അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഗ്രേഡ് ദേവസ്വങ്ങളിലേയ്ക്കുള്ള ഇന്റർവ്യൂ നടത്തിയിട്ടുള്ളത് തികഞ്ഞ സുതാര്യതയും നിഷ്പക്ഷതയും പാലിച്ചുകൊണ്ടാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള നറുക്കെടുപ്പ് നടപടികൾ വീണ്ടും താമസിപ്പിക്കുന്നത് അനാവശ്യ വിവാദങ്ങൾക്കും ആരോപണങ്ങൾക്കും ഇടയാക്കുവാൻ സാദ്ധ്യതയുള്ളതാണെന്നും ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡ് ദേവസ്വങ്ങളിൽ ശാന്തിമാരായി ജോലി നോക്കുന്നവരുടെ സേവന കാലാവധി അനിശ്ചിതകാലം നീണ്ടുപോകാൻ ഇടയുള്ളതാണെന്നും മേൽ സാഹചര്യങ്ങളിൽ നറുക്കെടുപ്പ് നടപടികൾ പൂർത്തിയാക്കി ശാന്തി നിയമനങ്ങൾ നടത്തുന്നതാണ് ഉചിതമെന്നും ദേവസ്വം കമ്മീഷണർ അറിയിച്ചു. (പരാമർശം.3)

തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ നിവേദനവും ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടും ബോർഡ് വിശദമായി ചർച്ച ചെയ്തതിനു ശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് ആഫീസർ കേഡറിലുള്ള ക്ഷേത്രങ്ങളിലെ മേൽശാന്തി നിയമനത്തിന് ലഭിച്ചിട്ടുള്ള അപേക്ഷകൾ പൊതുസ്ഥലം മാറ്റ മാനദണ്ഡം പ്രകാരം പരിശോധിച്ച് ആയതിൽ ആരോപണ വിധേയരായവരെ ഒഴിവാക്കി നറുക്കെടുപ്പിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ
2) ഇ.ഡി.പി സെക്ഷൻ
3) സെക്ഷൻ ഫയൽ
4) ഫയൽ ബുക്ക്
5) ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ
Vijay
അസിസ്റ്റന്റ് സെക്രട്ടറി